KSEB

# കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്

(1956 -ലെ കമ്പനീസ് ആക്ട് പ്രകാരം രൂപീകൃതം)

CIN:U40100KL2011SGC027424

രജിസ്റ്റേർഡ് ഓഫീസ് : വൈദ്യുതി ഭവനം, പട്ടം ,
തിരുവനന്തപുരം -695004 , കേരളം.

ഫോൺ : +91471 2514472 2514527 2514455 2514608
വെബ് : www.kseb.in ഇ-മെയിൽ pokseb@gmail.com

No. PS1 (B)/Rebuild Wayanad /2024 തീയതി: 30/09/2024

## പരിപത്രം

വിഷയം:-റീബിൽഡ് വയനാട് - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് കെ.എസ്.ഇ.ബി ലിമിറ്റഡിലെ പെൻഷൻകാരിൽ നിന്നും സംഭാവന സ്വീകരിക്കുന്നത് - സംബന്ധിച്ച്.

സൂചന - Circular No. PS1(B)/Rebuilt Wayanad/2024 dated 24.08.2024.

സംസ്ഥാനത്ത്, 2024 ജൂലൈയിൽ വയനാട്ടിൽ അപ്രതീക്ഷിതമായി ഉണ്ടായ ഉരുൾപൊട്ടൽ വരുത്തി വച്ചിട്ടുള്ള നാശനഷ്ടങ്ങൾ പരിഹരിക്കുന്നതും ടി ജില്ലയുടെ പൂർവ്വസ്ഥിതി വീണ്ടെടുക്കുന്നതിനുമായുള്ള പുനർ നിർമ്മാണ പ്രവർത്തനങ്ങൾക്കായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് പരമാവധി തുക സമാഹരിക്കേണ്ട സാഹചര്യത്തിൽ , സാമൂഹിക ഉത്തരവാദിത്വം നിറവേറ്റുന്നതിന്റെ ഭാഗമായി കെ.എസ്.ഇ.ബി ലിമിറ്റഡിലെ ജീവനക്കാരിൽ നിന്നും 5 ദിവസത്തെ ശമ്പളം ഗഡുക്കളായി ഈടാക്കി സി.എം.ഡി.ആർ.എഫ് ലേയ്ക്ക് നൽകുന്നതു സംബന്ധിച്ച മേൽ സൂചന പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിരുന്നു.

അതിനെ തുടർന്ന് കെ.എസ്.ഇ.ബി ലിമിറ്റഡിലെ പെൻഷൻകാരും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് തങ്ങളുടെ പെൻഷന്റെ ഒരു ഭാഗം സംഭാവന ചെയ്യുവാനുള്ള താല്പര്യം കെ .എസ്.ഇ.ബി ലിമിറ്റഡ് ചെയർമാൻ & മാനേജിംഗ് ഡയറക്ടറെ അറിയിച്ചിട്ടുണ്ട്. അതനുസരിച്ച് ഒക്ടോബർ മാസത്തിലും തുടർന്നുള്ള മാസങ്ങളിലും ലഭിക്കുന്ന പെൻഷൻ തുകയിൽ അവർ എത്ര ദിവസത്തെ പെൻഷൻ ആണോ നിർദ്ദേശിക്കുന്നത് അപ്രകാരം കുറവ് വരുത്തി സി.എം.ഡി.ആർ.എഫ് ലേക്ക് സംഭാവന ചെയ്യുന്ന തരത്തിൽ ഒരു സമ്മതപത്രം പെൻഷൻകാരിൽ നിന്നും ബന്ധപ്പെട്ട എ .ആർ.യു മേധാവി സ്വീകരിച്ച ശേഷം അതിൻ പ്രകാരമുള്ള കിഴിവ് വരുത്തി തുക ഒടുക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്താവുന്നതാണ് എന്ന് ചെയർമാൻ & മാനേജിംഗ് ഡയറക്ടർ നിർദ്ദേശിച്ചിട്ടുണ്ട്.

ആയതിനാൽ 2024 ഒക്ടോബർ മാസത്തിലും തുടർന്നുള്ള മാസങ്ങളിലും ലഭിക്കുന്ന പെൻഷൻ തുകയിൽ നിന്നും സി.എം.ഡി.ആർ.എഫ് ലേക്ക് സംഭാവന ചെയ്യുന്നതിനു സന്നദ്ധരാകുന്ന എല്ലാ പെൻഷൻ കാരിൽ നിന്നും എത്ര ദിവസത്തെ പെൻഷനാണ് കുറവ് വരുത്തേണ്ടത് എന്നത് സംബന്ധിച്ച ഒരു സമ്മതപത്രം നിർബന്ധമായും എ.ആർ.യു മേധാവി സ്വീകരിച്ച ശേഷം അതിൻ പ്രകാരമുള്ള കിഴിവ് വരുത്തി, കിഴിവ് വരുത്തിയ തുക ക്രോഡീകരിച്ച് പെൻഷൻ മാസ്റ്റർ ട്രസ്റ്റ് ഹെഡ് ഓഫീസ് വഴി സി.എം.ഡി.ആർ.എഫ് ലേക്ക് ഒടുക്കേണ്ടതാണ്.

**മേൽ പ്രകാരംസമ്മതപത്രം നൽകാത്ത പെൻഷൻകാരിൽ നിന്നും തുക ഈടാക്കേണ്ടതില്ല.**

ഒപ്പ്
സെക്രട്ടറി (ഭരണം)

പകർപ്പ് : എല്ലാ ചീഫ് എഞ്ചിനീയർമാർക്കും/ ഫിനാൻഷ്യൽ അഡ്വൈസർ / ചീഫ് ഇന്റേണൽ ഓഡിറ്റർ ലീഗൽ അഡ്വൈസർ & ഡിസിപ്ലിനറി എൻക്വയറി ഓഫീസർ/ ചീഫ് വിജിലൻസ് ഓഫീസർ/ കമ്പനി സെക്രട്ടറി /എല്ലാ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാർക്കും / ടി. എ ടു ചെയർമാൻ & മാനേജിംഗ് ഡയറക്ടർ/ ടി. എ ടു ഡയറക്ടർ (ഡിസ്ട്രിബ്യൂഷൻ, സേഫ്റ്റി & എസ്.സി.എം )/ ടി. എ ടു ഡയറക്ടർ (ട്രാൻസ്മിഷൻ, എസ്.ഒ, & പ്ലാനിംഗ്)/ടി. എ ടു ഡയറക്ടർ (ജനറേഷൻ – ഇലക്ട്രിക്കൽ, റീസ്, സൗര, സ്പോർട്സ് & വെൽഫയർ)/ പി. എ ടു ഡയറക്ടർ (ഫിനാൻസ് & അഡീഷണൽ ചാർജ്ജ് ഓഫ് എച്ച്.ആർ.എം) /എല്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർ മാർക്കും / ചീഫ് പബ്ലിക് റിലേഷൻ ഓഫീസർ /ഡെപ്യൂട്ടി സെക്രട്ടറി (അഡ്മിനിസ്ട്രേഷൻ) എല്ലാ റീജിയണൽ ഓഡിറ്റ് ഓഫീസർമാർക്കും/സി. എ ടു സെക്രട്ടറി (അഡ്മിനിസ്ട്രേഷൻ)/ ലൈബ്രറി/ സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

സിനീയർ സൂപ്രണ്ട്